(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ എന്നിവയിലെ ബയോമെഡിക്കൽ വെയ്സ്റ്റുകൾ സമീപ സ്ഥലങ്ങളായ കിണറുകളിലും ജലാശയങ്ങളിലും എത്തുന്നതുമൂലം ജലജന്യ രോഗങ്ങൾക്ക് കാരണമാകുന്നു എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ നിർമ്മാർജനം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന അധിക നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഖരരൂപത്തിലുള്ള മാലിന്യങ്ങൾ ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയുകയും, ദ്രവരൂപത്തിലുള്ളവ ഓട്ടോ ക്ലേവ് ചെയ്തു അണുവിമുക്തമാക്കിയ ശേഷം സെപ്റ്റിക് ടാങ്കുകളിലേക്ക് ഒഴുക്കുകയുമാണ് ചെയ്യുന്നത്. മാലിന്യങ്ങൾ തരം തിരിച്ചു കളർ കോഡുള്ള പ്രത്യേകം ബാഗുകളിൽ ശേഖരിച്ചാണ് നിർമ്മാർജനം ചെയ്യുന്നത്. ഇൻസിനറേറ്റർ മുഖേന കത്തിച്ചു കളയാൻ സാധിക്കാത്തതരം ഖരമാലിന്യങ്ങൾ പ്രത്യേകം തയ്യാറാക്കപ്പെട്ട ആഴത്തിലുള്ള കുഴികളിൽ ഇട്ടു മൂടുകയാണ് ചെയ്യുന്നത്.

(സി) ബയോ മെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്നം ചെയ്യുന്നതിന് ഐ.എം.എ. സമർപ്പിച്ച ഇമേജ് എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ഔഷധ സസ്യങ്ങൾ മരുന്നു കച്ചവടക്കാരും ഔഷധസസ്യ നഴ്സറിക്കാരും കടത്തുന്നത് നിയന്ത്രിക്കുന്നതിന് നടപടി

74 [167] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യവാസമില്ലാത്ത കിഴക്കൻ മലനിരകളിലും ചതുപ്പ് പ്രദേശങ്ങളിലും ചോലക്കാടുകളിലും കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ മരുന്ന് കച്ചവടക്കാരും, ഔഷധസസ്യ നഴ്സറിക്കാരും കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) വിവിധ വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേരി ജില്ലാ ആശുപത്രിയിൽ പെരിഫെറൽ യൂണിറ്റ്

75 [169] *ശ്രീ. ഇസഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽ ഹാർട്ട് ഫൗണ്ടേഷന്റെ പെരിഫെറൽ യൂണിറ്റ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ കേരള ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കുന്നതിനോടനുബന്ധിച്ച് ആറ് പ്രാഥമിക ക്ലിനിക്കൽ കാർഡിയോളജി യൂണിറ്റുകൾ ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥാപിക്കുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ജില്ലാ ആശുപത്രി, മലപ്പുറം (മഞ്ചേരി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) & (സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ കേരള ഹാർട്ട് ഫൗണ്ടേഷൻ പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചതിനുശേഷം, ജില്ലാ ആസ്ഥാനങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പ്രവർത്തനരഹിതമായി കിടക്കുന്ന പി. എച്ച്. സി.-കൾ

76 [172] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെയും എം. പി. മാരുടെയും പ്രാദേശിക വികസന ഫണ്ട് ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച് പ്രവർത്തനരഹിതമായി കിടക്കുന്ന എത്ര പി.എച്ച്.സി.-കൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പി.എച്ച്.സി.-കൾ പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly